"ഭരണഭാഷ
മാതൃഭാഷ"

00770

കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണം - സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളിൽ സഹായമെത്തിക്കുന്നതിനും ഏതൊരു പ്രാദേശിക പ്രതിസന്ധിയിലും സഹായത്തിനുണ്ടാകുന്നതരത്തിൽ ഒരു സാമൂഹിക സന്നദ്ധ സേന രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ)നം.01/2020/പൊഭവ. തീയതി, തിരുവനന്തപുരം, 01-01 -2020.

**ഉത്തരവ്**

കഴിഞ്ഞ മൂന്നു വർഷങ്ങൾക്കിടയിൽ ആവർത്തിതമായ പ്രകൃതിദുരന്തങ്ങളെയാണ് കേരളത്തിന് അഭിമുഖീകരിക്കേണ്ടിവന്നത്. ഓഖി ചുഴലിക്കൊടുങ്കാറ്റ്, 2018 ലെ മഹാപ്രളയം, 2019 ലെ പേമാരിയും വ്യാപകമായ മലയിടിച്ചിലും തുടങ്ങിയവയിൽ എല്ലാമായി ഒട്ടേറെ വിലപ്പെട്ട ജീവനുകളും ജനങ്ങളുടെ ഉപജീവനോപാധികളും നാട്ടിലുടനീളമുള്ള നിർമ്മിതികളും അടിസ്ഥാന സൗകര്യങ്ങളും നഷ്ടമായി. ദുരന്തങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതിനും അതിജീവനത്തിനുമുള്ള മാർഗ്ഗങ്ങൾ തിരഞ്ഞേ മതിയാകൂ. ഇക്കാര്യത്തിൽ വിദഗ്ധരുടെ അഭിപ്രായങ്ങളും പരിസ്ഥിതിയോടിണങ്ങുന്ന ജീവിത ശൈലികളും കണ്ടെത്തി നടപ്പാക്കാനുള്ള നടപടികൾക്കൊപ്പം, ഫലപ്രദമായൊരു ദുരന്തപ്രതികരണ സംവിധാനവും ചിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്.ഇതിന്റെ ഭാഗമായി പ്രകൃതി ദുരന്തങ്ങളിൽ സഹായമെത്തിക്കുന്നതിനു ഉപരിയായി, ഏതൊരു പ്രാദേശിക പ്രതിസന്ധിയിലും സഹായത്തിനുണ്ടാകുന്ന ഒരു സാമൂഹിക സന്നദ്ധ സേന താഴെപ്പറയും പ്രകാരം രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

**1.സാമൂഹിക സന്നദ്ധ സേനയുടെ ഘടന**

1) സംസ്ഥാനത്തുടനീളമായി 3,40,000 പേരുള്ള സാമൂഹിക സന്നദ്ധ സേന.

2) സംസ്ഥാനത്തെ ഓരോ നൂറു പേർക്കും ഒരാളെന്ന നിലയ്ക്ക് സാമൂഹിക സന്നദ്ധ പ്രവർത്തകർ ഉണ്ടാകും. പ്രതിസന്ധി ഘട്ടങ്ങൾ നേരിടുന്നതിനുള്ള അടിസ്ഥാന പരിശീലനങ്ങൾ ലഭ്യമാക്കുകയും അവരുടെ സേവനം ഏതുസമയത്തും എളുപ്പത്തിൽ ലഭ്യമാക്കാവുന്ന സംവിധാനമാണ് ലക്ഷ്യമിടുന്നത്.

3) 16 വയസ്സിനും 65 വയസ്സിനുമിടയ്ക്കു പ്രായമുള്ള, ആരോഗ്യമുള്ള ഏതൊരു വ്യക്തിക്കും സാമൂഹിക സന്നദ്ധ സേനയിൽ അംഗമാകാൻ യോഗ്യതയുണ്ടാകും. അവർ മുഴുവൻ സമയസേവനം നൽകേണ്ടുന്ന സേവനമേഖലകളിൽ പ്രവർത്തിക്കുന്നവരാകരുതെന്നു മാത്രം.

4) സാമൂഹിക സന്നദ്ധ സേനാംഗങ്ങൾക്ക് പ്രതിസന്ധി ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട നടപടികളിലുള്ള പരിശീലനം നൽകുന്നതിനായി ഒരു മാസ്റ്റർ ട്രെയിനർ സംഘമുണ്ടാകും.

5) സാമൂഹിക സന്നദ്ധ സേനയ്ക്ക് ഒരു സംസ്ഥാന തല ഡയറക്ടറേറ്റും അതിൽ അഗ്നിരക്ഷാ സേന, പോലീസ് വകുപ്പ്, സംസ്ഥാന ദുരന്ത പരിപാലന അതോറിറ്റി, റവന്യൂ വകുപ്പ് (ദുരന്ത പരിപാലന അതോറിറ്റിയുടെ ഭരണച്ചുമതലയുള്ള വകുപ്പെന്ന നിലയ്ക്ക്), തദ്ദേശ സ്വയംഭരണ വകുപ്പ്, NCC, NSS എന്നിവയുടെ സംസ്ഥാന ഘടകങ്ങൾ, അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC), സംസ്ഥാനത്തെ കരസേന-നാവികസേന-വ്യോമസേനാ വിഭാഗങ്ങളുടെ തലവർ എന്നിവരുൾപ്പെടുന്ന സ്റ്റീയറിങ് കമ്മറ്റിയും ഉണ്ടാകും.

6) ജില്ലാതലത്തിൽ ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കോർപ്പറേഷൻ മേയറും ഉൾപ്പെടുന്ന സ്റ്റീയറിങ് കമ്മറ്റിയാണ് ഉണ്ടാകും. സംസ്ഥാനതല ഡയറക്ടറേറ്റിൽ ഒരു ഡയറക്ടർക്കു പുറമേ അഞ്ചു സഹായക ജീവനക്കാരാണുണ്ടാകുക. ഇവ വിവിധ വകുപ്പുകൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിന്നാണ കണ്ടെത്തേണ്ടതാണ്. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്തപരിപാലന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, അഗ്നിരക്ഷാ സേനയുടെ ഡയറക്ടർ ജനറൽ എന്നിവർ സംയുക്തമായാകും വകുപ്പുകളെ കണ്ടെത്തുക.

7) ഈ ഡയറക്ടറേറ്റിന്റെ ഭരണച്ചുമതല പൊതുഭരണ വകുപ്പിനായിരിക്കും. ഡയറക്ടറായി ചുമതല കുറഞ്ഞത് എട്ടു വർഷമെങ്കിലും ഫീൽഡ് പരിചയമുള്ളതും 2018 ലേയും 2019 ലേയും ദുരന്തകാലത്തു ജില്ലാ കലക്ടറെന്ന നിലയ്ക്കുള്ള അനുഭവ പരിചയമുള്ളതുമായ ഒരു ആൾ ഇന്ത്യാ സർവ്വീസ് ഓഫീസർക്കു നൽകുന്നതാണ്.

## 2.പദ്ധതി ഘടകങ്ങൾ

1) സാമൂഹിക സന്നദ്ധ സേനാ സ്കീം എന്നായിരിക്കും ഈ സ്കീം അറിയുക.

2) ഇതിലെ സേവനം പൂർണ്ണമായും സന്നദ്ധ സേവനാടിസ്ഥാനത്തിലായിരിക്കും, ഒരു വിധത്തിലുമുള്ള പ്രതിഫലവും ഇതിനുണ്ടാവില്ല.

3) രക്ഷാ പ്രവർത്തനങ്ങൾക്കും സമാശ്വാസ പ്രവർത്തനങ്ങൾക്കുമുണ്ടാകുന്ന ചെലവുകൾ സർക്കാർ, ഡയറക്ടറേറ്റിനായി വകയിരുത്തുന്ന ബജറ്റ് വിഹിതത്തിൽ നിന്നു വഹിക്കുന്നതായിരിക്കും.

4) ഇതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ സേവനത്തിനുള്ള പ്രത്യേക സാക്ഷ്യപത്രം നൽകുന്നതും അത് അവരുടെ പാഠ്യേതര പ്രവർത്തനമായി പരിഗണിക്കുന്നതുമാണ്.

5) സാമൂഹിക സന്നദ്ധ സേനാംഗങ്ങളാകാനാഗ്രഹിക്കുന്നവർ കേരള സംസ്ഥാന ദുരന്ത പരിപാലന അതോറിറ്റി (KSDMA) ആരംഭിക്കുന്ന ഓൺലൈൻ പോർട്ടൽ വഴി പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്. അവർ തങ്ങൾക്ക് സാമൂഹിക സന്നദ്ധ സേനാംഗമായി പ്രവർത്തിക്കുന്നതിനു തടസ്സമാകാവുന്ന ആരോഗ്യ പ്രശ്നങ്ങളൊന്നുമില്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3.പരിശീലന ക്രമീകരണങ്ങൾ

1) സാമൂഹിക സന്നദ്ധ സേനയ്ക്കു പരിശീലനം നൽകുന്നതിന് ഒരു മാസ്റ്റർ ട്രെയിനർ ഗ്രൂപ്പിനെ കണ്ടെത്തുന്നതാണ്.

2) ഇവർക്കായി പരിശീലകർക്കുള്ള പരിശീലന (ToT) ശില്പശാല അഗ്നിരക്ഷാ സേനയുടെ സഹായത്തോടെ KSDMA സംഘടിപ്പിക്കുന്നതാണ്. ദുരന്ത സമയത്തു പാലിക്കേണ്ടതായ പ്രാമാണിക നടപടിക്രമങ്ങൾ (standard operating procedures) അവർക്ക് അതിലൂടെ പരിചയപ്പെടുത്തുന്നതാണ്. പരിശീലനത്തിന്റെ ഉള്ളടക്കവും രീതിയും സ്റ്റീയറിങ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്.

3) സംസ്ഥാനത്തു മൊത്തമായി 700 മാസ്റ്റർ ട്രെയിനർമാരെന്നതായിരിക്കും എണ്ണം. ഒരു ജില്ലയിൽ അമ്പതു പരിശീലകരെന്ന നിലയ്ക്ക് 14 ജില്ലയിലും സേവനം ലഭ്യമാക്കും

4) ഓരോ ജില്ലയിലും പരമാവധി പത്തു വ്യത്യസ്ത കേന്ദ്രങ്ങളിൽ വച്ച് സൗകര്യപ്രദമായ ബാച്ചുകളായി സേനാംഗങ്ങൾക്കുള്ള പരിശീലനം മാസ്റ്റർ ട്രെയിനർമാർ നൽകേണ്ടതാണ്.

5) സന്നദ്ധസാമ്പത്തിക സഹായം ലഭ്യമാകുന്നുവെങ്കിൽ സേനാംഗങ്ങൾക്കു പ്രത്യേക യൂണിഫോമും അവസാന മൂന്നക്കം മാത്രം വ്യത്യസ്തമാകുന്ന വിധമുള്ള മൊബൈൽ സിംകാർഡും നൽകുന്നതാണ്.

6) ക്രമാനുഗതമായി സാമൂഹിക സന്നദ്ധ സേനാംഗങ്ങളുടെ പ്രവർത്തന നൈപുണ്യം വിലയിരുത്തുകയും അതിലൂടെ അവർക്കു പ്രാവീണ്യമുള്ള മേഖലകളിൽ കൂടുതൽ നന്നായി ഉപയോഗിക്കാനാകുന്ന വിധം അവരുടെ സേവനം പുനഃക്രമീകരിക്കുകയുമാകാം.

4.പ്രവർത്തന സമയക്രമം

| ക്രമ നമ്പർ | പ്രവർത്തനം | സമയക്രമം |
|---|---|---|
| 1 | സ്കീം പ്രഖ്യാപനം | 2020 ജനുവരി 1 |
| 2 | 700 മാസ്റ്റർ ട്രെയിനർമാരെ കണ്ടെത്തൽ | 2020 ജനുവരി 15 ന മുമ്പായി |
| 3 | സാമൂഹിക സന്നദ്ധ സേനാംഗങ്ങൾ ആകാനാഗ്രഹിക്കുന്നവർക്ക പേരു രജിസ്റ്റർ ചെയ്യുന്നതിനുള്ള KSDMA യുടെ ഓൺലൈൻ പോർട്ടൽ ലഭ്യമാക്കുന്നു. | 2020 ജനുവരി 10-31 |
| 4 | മാസ്റ്റർ ട്രെയിനർമാർക്കുള്ള ഏഴു ദിവസത്തെ പരിശീലന ശില്പശാല (ഒരു ബാച്ചിൽ 100 പേരു വച്ച്) | 2020 ഫെബ്രുവരി 1-28 |
| 5 | 14 ജില്ലകളിലും മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ സാമൂഹിക സന്നദ്ധ സേനാംഗങ്ങൾക്കുള്ള പരിശീലനം # | 2020 ഏപ്രിൽ 1 മുതൽ മെയ് 15 വരെ |

# വേനലവധിക്കാലമാകയാൽ ഇതിനായി സ്കൂൾ പരിസരം ഉപയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ.ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സംസ്ഥാന പോലീസ് മേധാവി,പോലീസ് ആസ്ഥാന മന്ദിരം,തിരുവനന്തപുരം.
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ ജനറൽ,ഫയർ & റെസ്ക്യു സർവ്വീസസ്സ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
വൈസ് അഡ്മിറൽ,സതേൺ നേവൽ കമാന്റ്, കൊച്ചി
സ്റ്റേഷൻ കമാന്റർ,മിലിറ്ററി സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സ്,പാങ്ങോട്,തിരുവനന്തപുരം
കമാന്റിംഗ് ഇൻ ചീഫ്,സതേൺ എയർ കമാന്റ്, IAF,തിരുവനന്തപുരം
സംസ്ഥാന ദുരന്ത പരിപാലന അതോറിറ്റി,വികാസ് ഭവൻ തിരുവനന്തപുരം
ഡയറക്ടർ, NCC ഡയറക്ടറേറ്റ് ,തിരുവനന്തപുരം
കേരള സംസ്ഥാന എൻ.സി.സി ഓഫീസർ,വികാസ് ഭവൻ തിരുവനന്തപുരം.
അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC),പൂജപ്പുര തിരുവനന്തപുരം.
കേരള സംസ്ഥാന NSS ഓഫീസർ,വികാസ് ഭവൻ തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പൊതുഭരണ(എസ്.സി)വകുപ്പ്
റവന്യൂ വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ 127/2020/EI/DP തീയതി
ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി എല്ലാ ശാഖാകാര്യാലയ മേധാവികൾക്കും നൽകുന്നു.

അഡീ. വകുപ്പ് ഡയറക്ടർക്ക് വേണ്ടി.